(ബി) ഇപ്പോൾ ഏതു ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കാണ് പ്രസ്തുത ആനുകൂല്യം നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ അംഗീകരിച്ചിട്ടുള്ള നിരക്കിലുള്ള ലംപ്സംഗ്രാന്റും ഫീസാനുകൂല്യങ്ങളും നൽകുന്നുണ്ട്.

(ബി) പ്രസ്തുത ആനുകൂല്യം ഒന്നു മുതൽ പത്താം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്.

കായംകുളത്ത് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

16 (179) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്ത് ഒരു പോസ്റ്റുമെട്രിക് ഹോസ്റ്റൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി അനുവദിക്കണമെന്ന കായംകുളം എം.എൽ.എയുടെ ആവശ്യത്തിൻ മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) അഞ്ചുറിൽപ്പരം പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന എം.എസ്.എം കോളേജ് സ്ഥിതി ചെയ്യുന്ന കായംകുളത്ത് ഹോസ്റ്റൽ തുടങ്ങുവാൻ ആവശ്യത്തിന് വിദ്യാർത്ഥികളില്ല എന്ന ഏതെങ്കിലും റിപ്പോർട്ട് ഉദ്യോഗസ്ഥൻമാരിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഇപ്രകാരം തെറ്റായ റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ അതു നൽകിയ ഉദ്യോഗസ്ഥന്റെ പേരിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എം.എൽ.എ.യുടെ ആവശ്യം വിശദമായി പരിശോധിച്ചു. കഴിഞ്ഞ 20 വർഷമായി പുതിയ പോസ്റ്റുമെട്രിക് ഹോസ്റ്റലുകൾ അനുവദിച്ചിട്ടില്ല. ആ സാഹചര്യത്തിലും സർക്കാരിന്റെ സാമ്പത്തിക മിതവ്യയ നിയന്ത്രണത്തിന്റെ അടിസ്ഥാനത്തിലും തൽക്കാലം ഈ ആവശ്യം തീരുമാനത്തിനായി മാറ്റി വച്ചിരിക്കുകയാണ്.

(ബി) ലഭിച്ചിട്ടില്ല.

(സി) തെറ്റാണെന്ന് കണ്ടാൽ നടപടിയെടുക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങൾ

17 (180) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങൾ അംഗീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള അംഗീകൃത സങ്കേതങ്ങളിൽ വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും എത്തിച്ചേരാത്ത ഏതെങ്കിലും സങ്കേതങ്ങൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് വിശദമായ ഒരു സർവ്വേ നടത്തി ഈ സങ്കേതങ്ങളിൽപ്പെട്ട മുഴുവൻ വീടുകളിലും വൈദ്യുതിയും കുടിവെള്ളവും എത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അംഗീകാരം നൽകിയിട്ടില്ല. പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്.

(സി) ഘട്ടം ഘട്ടമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

പാറശ്ശാലയിലെ ഐ.എച്ച്.ഡി.പി കോളനി റോഡുകളുടെ നിർമ്മാണം

18 (181) ശ്രീ. എൻ.സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇക്കൊല്ലം പണി ആരംഭിക്കുന്ന ഐ.എച്ച്.ഡി.പി. കോളനി റോഡുകളിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ചെങ്കൽ പഞ്ചായത്തിനുള്ള പൊന്നംകോട് ഐ.എച്ച്.ഡി.പി. കോളനി റോഡും, കാരിക്കോട് ഐ.എച്ച്.ഡി.പി കോളനി റോഡും തിരുപുറം പഞ്ചായത്തിലുള്ള പുത്തൻകട, പ്ലാന്തോട്ടം-തരുമാനൂർക്കട ഐ.എച്ച്.ഡി.പി. കോളനി റോഡും കുളത്തൂർ പഞ്ചായത്തിലുള്ള തോണിക്കടവ്-ചാലാക്കര ഐ.എച്ച്.ഡി.പി കോളനി റോഡും കൊല്ലയിൽ പഞ്ചായത്തിലുള്ള എന്തുകൊണ്ടൽകാണി വരിക്കാൻവിള വള്ളുക്കോടുകോണം ഐ.എച്ച്.ഡി.പി. കോളനി റോഡും പാറശ്ശാല പഞ്ചായത്തിലുള്ള കണ്ണംക്കോട് ഐ.എച്ച്.ഡി.പി കോളനി റോഡും കാരോട് പഞ്ചായത്തിലുള്ള കല്ലയിൽ ഐ.എച്ച്.ഡി.പി കോളനി റോഡും കുന്നത്തുകാൽ പഞ്ചായത്തിലുള്ള വേലത്തുകോണം ഐ.എച്ച്.ഡി.പി. ഹരിജൻ കോളനി റോഡും പണിയുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ച് വരുന്നു.

കിളിമാനൂർ നിയോജക മണ്ഡലത്തിലെ തീവ്രസങ്കേത വികസന പദ്ധതി

19 (182) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly